**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2766** **03-08-2021 - ൽ മറുപടിയ്ക്ക്**

**കൃഷിനാശം സംഭവിച്ച കർഷകരെ സഹായിക്കാൻ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വേനൽമഴ ഉൾപ്പെടെയുള്ള അവിചാരിതമായ കാരണങ്ങളാൽ കൃഷിനാശം സംഭവിച്ച കർഷകരെ സഹായിക്കാൻ സമയബന്ധിതമായ നടപടികൾ ഉണ്ടാകുമോ; | (എ) | പ്രകൃതി ദുരന്തങ്ങൾ കാരണം കൃഷി നശിക്കുന്ന സാഹചര്യത്തിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി, പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേന അർഹതയുള്ള ധനസഹായം സമയബന്ധിതമായി കർഷകർക്ക് നൽകി വരുന്നുണ്ട്. |
| (ബി) | കാസർഗോഡ് ജില്ലയിൽ കാലവർഷത്തിന് മുമ്പ് വ്യാപകമായി ഉണ്ടായ കൃഷി നാശത്തിന് നഷ്ടപരിഹാരവിതരണം അടിയന്തരമായി ഉണ്ടാകുമോ? | (ബി) | പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള സംസ്ഥാന വിഹിതമായി അനുവദിച്ച തുകയിൽ നിന്നും 3.68609 ലക്ഷം രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള 4.01860 ലക്ഷം രൂപയും കാസർഗോഡ് ജില്ലയിലെ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്. അപേക്ഷകൾ പരിശോധിച്ച് അർഹതയുള്ള നഷ്ടപരിഹാരതുക കർഷകർക്ക് അനുവദിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ